**07.09.2018-ൽ ചേർന്ന ഭരണപരിഷ്കാര കമ്മീഷന്റെ**
**പതിനാറാമത് യോഗത്തിന്റെ നടപടിക്കുറിപ്പ്**

യോഗം വൈകുന്നേരം 3.30 മണിക്ക് ചെയർമാന്റെ അദ്ധ്യക്ഷതയിൽ ആരംഭിച്ചു. കമ്മീഷൻ അംഗങ്ങളായ ശ്രീ.സി.പി.നായർ, ശ്രീമതി നീലാ ഗംഗാധരൻ, കമ്മീഷൻ മെമ്പർ സെക്രട്ടറി ശ്രീമതി ഷീല തോമസ് എന്നിവർ സന്നിഹിതരായിരുന്നു.

പ്രളയത്തിന്റെ പശ്ചാത്തലത്തിൽ മാറ്റിവെച്ച പബ്ലിക് ഹിയറിംഗുകൾ ഏറെ വൈകാതെ നടത്തണമെന്ന് ചെയർമാൻ ആമുഖമായി ആവശ്യപ്പെട്ടു. ഈ ഘട്ടത്തിൽ വലിയ തുക നൽകി CSES നെ കൺസൾട്ടൻസി ഏൽപ്പിക്കുന്നത് ബുദ്ധിമുട്ടാണ്. എങ്കിലും എത്രയും പെട്ടെന്ന് പുതുക്കിയ പ്രൊപ്പോസൽ നൽകാൻ അവരോട് ആവശ്യപ്പെടണമെന്നും അദ്ദേഹം നിർദ്ദേശിച്ചു. CMD യുമായുള്ള കരാർ പ്രാവർത്തികമാക്കണമെന്ന് നിർദ്ദേശിച്ച ചെയർമാൻ, കമ്മീഷന്റെ ഓഫീസിൽ കടലാസിന്റെ ഉപയോഗം പരമാവധി കുറയ്ക്കുന്നതിനുള്ള നിർദ്ദേശം സ്വാഗതാർഹമാണെന്നും സൂചിപ്പിച്ചു. പ്രളയാനന്തരമുള്ള പുതിയ കേരളത്തിന്റെ പുനസംഘാടനം സംബന്ധിച്ച കാഴ്ചപ്പാട് കൂടി *സുസ്ഥിര വികസനം* എന്ന വിഷയം സംബന്ധിച്ച പഠനത്തിന്റെ ഭാഗമായി വരണമെന്നും വികസനവും സുസ്ഥിര വികസനവും തമ്മിലുള്ള അതിർ വരമ്പ് ഇല്ലാതായിക്കൊണ്ടിരിക്കുകയാണെന്നും, പ്രളയാനന്തരം വീടുകളിലേക്ക് തിരിച്ചു പോയവരുടെ കണക്കിനേക്കാൾ പ്രധാനമാണ് അതിൽ എത്ര പേർ പ്രവൃത്തി സജ്ജരായി എന്നതെന്നും, പുനരധിവാസമല്ല ഉല്പാദന പുനരധിവാസമാണ് പ്രധാനമെന്നും, നമ്മുടെ ആവാസ വ്യവസ്ഥയടക്കം എല്ലാ നിർമ്മാണങ്ങളും പരിസ്ഥിതിയെ കണക്കിലെടുത്ത് ശാസ്ത്രീയമായി പുനർനിർവ്വചിക്കേണ്ടതുണ്ടെന്നും, എല്ലാ വികസന പ്രവർത്തനങ്ങളും പാരിസ്ഥിതിക അച്ചടക്കവും ഉല്പാദന വ്യവസ്ഥയുടെ അച്ചടക്കവും പാലിക്കുന്നുണ്ട് എന്ന് ഉറപ്പു വരുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ രൂപപ്പെടുത്തണമെന്നും അദ്ദേഹം നിർദ്ദേശിച്ചു. നമുക്ക് ഇനിയും ഒട്ടേറെ ചെയ്ത് തീർക്കാനുണ്ടെന്നും കൈക്കൊണ്ട തീരുമാനങ്ങൾ തന്നെ സമയബന്ധിതമായി നിർവ്വഹിക്കാനാവുന്നില്ലെന്നും ഇക്കാര്യത്തിൽ നാം കുറേക്കൂടി ജാഗ്രതയോടെ മുന്നോട്ട് പോവണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

**തീരുമാനങ്ങൾ**

| ക്രമനമ്പർ | വിഷയം | തീരുമാനങ്ങൾ |
|---|---|---|
| 1 | 31.07.2018 ലെ ഭരണപരിഷ്കാര കമ്മീഷന്റെ പതിനഞ്ചാമത് യോഗത്തിന്റെ മിനിട്സ് അംഗീകരിക്കൽ | മിനിട്സ് അംഗീകരിച്ചു. |
| 2 | 31.07.2018 ലെ ഭരണപരിഷ്കാര കമ്മീഷന്റെ പതിനഞ്ചാമത് യോഗത്തിന്റെ തീരുമാനങ്ങൾ- നടപടി റിപ്പോർട്ട് അംഗീകരിക്കൽ | നടപടി റിപ്പോർട്ട് അംഗീകരിച്ചു. |
| 3 | പൗരകേന്ദ്രീകൃത സേവനപ്രദാനം -പബ്ലിക് ഹിയറിംഗുകൾക്ക് പുതിയ തീയതികൾ നിശ്ചയിക്കുന്നത് സംബന്ധിച്ച് | വെള്ളപ്പൊക്ക സാഹചര്യങ്ങൾ വിലയിരുത്തി പുതുക്കിയ തീയതികൾ സംബന്ധിച്ച് ഫയൽ ചെയർമാന് ചംക്രമണം ചെയ്യുന്നതിന് തീരുമാനിച്ചു. |
| 4 | പൗരകേന്ദ്രീകൃത സേവനപ്രദാനം - CSES നെ കൺസൾട്ടൻസി ഏൽപ്പിക്കുന്നതിന് പരിഷ്കരിച്ച പ്രൊപ്പോസൽ തയ്യാറാക്കുന്നത് സംന്ധിച്ച് | ഇപ്പോഴത്തെ പ്രത്യേക സാഹചര്യത്തിൽ ചെലവ് കുറഞ്ഞ രീതിയിൽ പഠനം നടത്താൻ തീരുമാനിച്ചു. |
| 5 | ഉദ്യോഗസ്ഥ സംവിധാന പരിഷ്കരണം- CMD യുമായി കൺസൾട്ടൻസി കരാറിൽ ഏർപ്പെടുന്നത് സംബന്ധിച്ച് | ഉദ്യോഗസ്ഥ സംവിധാന പരിഷ്കരണം സംബന്ധിച്ച പഠനത്തിന് CMD യുമായി 4,93,240 /-രൂപയുടെ ( ചരക്ക് സേവന നികുതി ഉൾപ്പെടെ) കൺസൾട്ടൻസി കരാറിൽ ഏർപ്പെടുന്നതിന് തീരുമാനിച്ചു. |

| | | |
|---|---|---|
| 6 | മൂന്നാം ഭരണപരിഷ്കാര കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശകളുടെ നടപ്പാക്കൽ സംബന്ധിച്ച സി.എം.ഡി യുടെ പഠന റിപ്പോർട്ട് സംബന്ധിച്ച് | മൂന്നാം ഭരണപരിഷ്കാര കമ്മിറ്റി ശുപാർശകൾ നടപ്പാക്കിയതിന്റെ ഫലപ്രാപ്തി സംബന്ധിച്ച ഒന്നാംഘട്ട പഠനറിപ്പോർട്ട് CMD ഇതിനോടകം സമർപ്പിച്ചിട്ടുണ്ട്. സ്വദേശത്തും വിദേശത്തുമുള്ള അനുകരണീയ മാതൃകകൾ സംബന്ധിച്ച രണ്ടാം ഘട്ട റിപ്പോർട്ട് CMD ഇനിയും സമർപ്പിച്ചിട്ടില്ല. ആ റിപ്പോർട്ട് കൂടി അടിയന്തിരമായി ലഭ്യമാക്കിയതിനു ശേഷം ആ രണ്ട് റിപ്പോർട്ടുകളുടേയും വെളിച്ചത്തിൽ തുടർ നടപടികൾ സ്വീകരിക്കാമെന്ന് തീരുമാനിച്ചു. |
| 7 | കമ്മീഷൻ ഓഫീസ് പ്രവർത്തനങ്ങളിൽ കടലാസിന്റെ ഉപയോഗം പരമാവധി കുറയ്ക്കുന്നത് സംബന്ധിച്ച് | നിർദ്ദേശം തത്വത്തിൽ അംഗീകരിച്ചു. കടലാസിന്റെ ഉപയോഗം കൂടുതൽ ആവശ്യം വരുന്ന രേഖകൾ സോഫ്റ്റ് കോപ്പിയായി ബന്ധപ്പെട്ടവർക്ക് ലഭ്യമാക്കുന്ന രീതി അവലംബിക്കാൻ തീരുമാനിച്ചു. |

**<u>മറ്റു തീരുമാനങ്ങൾ</u>**

1. സുസ്ഥിര വികസനം സംബന്ധിച്ച പഠനത്തിൽ ഇപ്പോഴത്തെ പ്രത്യേക സാഹചര്യം പരിഗണിച്ച് അടിയന്തിര പ്രാധാന്യമുള്ള ശുപാർശകൾ നൽകാൻ കഴിയുമോയെന്ന് പരിശോധിക്കുവാൻ തീരുമാനിച്ചു.

2. കമ്മീഷന്റെ അടുത്ത യോഗം 2018 ഒക്ടോബർ 25 ന് വൈകുന്നേരം 3.30 മണിക്ക് കൂടുന്നതിന് തീരുമാനിച്ചു.

യോഗം 4.30 മണിക്ക് അവസാനിച്ചു.